**ശ്രദ്ധക്ഷണിക്കൽ**

**(1) നോക്കുകൂലി നിരോധനം**

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, നിയമം ഉണ്ടായിട്ടും നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന നോക്കുകൂലിയെന്ന ദുരവസ്ഥയെക്കുറിച്ചുള്ള താണ് എന്റെ ശ്രദ്ധക്ഷണിക്കൽ. അദ്ധ്വാനികളെന്നും അഭിമാനികളെന്നു മൊക്കെ മലയാളികൾ എപ്പോഴും സ്വയം വിശേഷിപ്പിക്കാറുള്ളതാണ്. എന്നാൽ അദ്ധ്വാനത്തിന്റെ മഹത്വം അറിയേണ്ടവർ അത് മറക്കുന്നു. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ അനുഭവപ്പെട്ടിരിക്കുന്ന ഒട്ടും അന്തസ്സില്ലാത്ത ഒരു തൊഴിൽ ശൈലിയാണ് നോക്കുകൂലിയെന്ന ദുരാചാരം. പണി ആര് വേണമെങ്കിലും എടുക്കട്ടെ, പക്ഷേ പണം ഇങ്ങോട്ട് പോരട്ടെ എന്ന ചിന്ത അധാർമ്മികതയാണ്. മറ്റുള്ളവരുടെ അദ്ധ്വാനത്തിന്റെ ഫലം മെയ്യനങ്ങാതിരുന്ന് ഭീഷണിപ്പെടുത്തി നേടി അനുഭവിക്കുന്നത് ഒട്ടും അന്തസ്സി ല്ലാത്ത രീതിയാണ്. ഇത് ജനങ്ങളുടെ അവകാശത്തിനും സ്വാതന്ത്ര്യത്തിനും മേലുള്ള കടന്നുകയറ്റമാണ്. ഏത് സാഹചര്യത്തിലായാലും വേലചെയ്യാതെ കൂലിചോദിക്കുന്നത് അന്യായം തന്നെയാണ്. ജോലിചെയ്യാതെ നോക്കിനിൽ ക്കുകയും സാധാരണക്കാരന്റെ കയ്യിൽനിന്നും പണം തട്ടിയെടുക്കുകയും ചെയ്യുന്ന സമ്പ്രദായം പരിഷ്കൃത സമൂഹത്തിൽ ഏറെ നാണക്കേടുണ്ടാ ക്കുന്ന ഒന്നാണ്. ജോലി ചെയ്യുന്നവന് കൂലി കൊടുക്കാം. പക്ഷേ ജോലി ചെയ്യാതെ നോക്കി നിൽക്കുന്നവൻ കൂലി ആവശ്യപ്പെടുന്നത് ധാർമ്മികത യാണോ ? ഈ ദുഷ്പ്രവണത നിയമവിരുദ്ധമായി സംസ്ഥാനത്ത് പ്രഖ്യാപിച്ചി ട്ടുള്ളതാണ്. നോക്കുകൂലി നിയമംമൂലം നിരോധിച്ചിട്ടുമുണ്ട്. നോക്കുകൂലി

വാങ്ങിയാൽ പിടിച്ചുപറി എന്ന പേരിൽ പോലീസിന് വേണമെങ്കിൽ കേസ്സെടുക്കാം. വസ്തുവിൽ കയറി ഭീഷണിപ്പെടുത്തിയാൽ ഗുണ്ടാ നിയമപ്രകാരം പോലീസിന് കേസ്സെടുക്കാം. പക്ഷേ പരാതി ലഭിച്ചാൽ തൊഴിൽ പ്രശ്നത്തിന്റെ പേരുപറഞ്ഞ് പോലീസ് നടപടി എടുക്കുന്നില്ലാ യെന്ന പരാതി വ്യാപകമായിരിക്കുകയാണ്. നോക്കുകൂലി നീതീകരിക്കാനാ വില്ലായെന്നും ആവർത്തിക്കില്ലായെന്നുമൊക്കെ വിവിധ രാഷ്ട്രീയ സംഘടന കളും തൊഴിലാളി സംഘടനകളും മാറിമാറി പറയുന്നുണ്ടെങ്കിൽപ്പോലും ഓരോ സംഭവങ്ങൾ കഴിയുമ്പോഴും അത് പിന്നീടും ആവർത്തിക്കുകയാണ്. നോക്കുകൂലിക്ക് എതിരായി നിയമങ്ങളും അതോടൊപ്പം തന്നെ നോക്കുകൂലിക്ക് എതിരായുള്ള വിവിധ നേതാക്കളുടെ പ്രഖ്യാപനങ്ങളും പലയിടത്തും നടക്കുന്നുണ്ടെങ്കിലും അന്തസ്സിന് ചേരാത്ത കൂലി വാങ്ങൽ തുടരുകയാണ്. പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ സഹോദര പുത്രന്റെ വീടിന് സമീപത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കാൻ കല്ല് ഇറക്കിയപ്പോൾ സി.ഐ.ടി.യു. തൊഴിലാളികൾ അദ്ദേഹത്തെ ഭീഷണി പ്പെടുത്തി 750 രൂപ പിടിച്ചുവാങ്ങിയതിനെപ്പറ്റി പത്രങ്ങളിൽ വന്ന വാർത്ത നമ്മുടെ മനസ്സിലുണ്ട്. അമ്പലപ്പുഴയിൽ നിയമനടപടി സ്വീകരിക്കേണ്ട ലേബർ ഓഫീസറെ ഭീഷണിപ്പെടുത്തി തൊഴിലാളികൾ നോക്കുകൂലി വാങ്ങിയ വാർത്തയും ഇതേ ദിവസം മലയാള ദിനപത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൂഴിയാർ പവർ ഹൗസിൽ വൈദ്യുതി ബോർഡ് ക്രെയിൻ ഉപയോഗിച്ച് ട്രാൻസ്ഫോർമർ ഇറക്കുന്നത് കണ്ടുനിന്ന 62 തൊഴിലാളികൾ നോക്കുകൂലി ആവശ്യപ്പെടുകയും എല്ലാ യൂണിയനുകളും ഒരുമിച്ചുനിന്നുകൊണ്ട് 162000 രൂപ ആവശ്യപ്പെടുകയും 88800 രൂപ വാങ്ങിക്കൊണ്ടുപോകുകയും ചെയ്തു.

കഴക്കൂട്ടം എഫ്.സി.ഐ. യിൽ നിന്ന് റേഷൻ കടകളിലേയ്ക്ക് ധാന്യം കയറ്റുന്നത് നോക്കിനിന്ന തൊഴിലാളികൾ ആവശ്യപ്പെട്ട പണം നൽകാത്ത തിനെത്തുടർന്നുണ്ടായ സംഭവംമൂലം റേഷൻകടകൾ അടച്ചിടുകയുണ്ടായി. വെള്ളറട-മരുതംകോടിൽ നോക്കുകൂലി നൽകാതിരുന്നതിന് ഗ്രാനൈറ്റും ടൈൽസും കയറ്റിവന്ന ലോറി അടിച്ചു തകർക്കുകയും അതിലുണ്ടായിരുന്ന അച്ഛനെയും മകനെയും മർദ്ദിക്കുകയും ചെയ്തിരിക്കുന്നു. തിരുവനന്തപുരവും എറണാകുളവും നോക്കുകൂലി വിമുക്ത ജില്ലയായി പ്രഖ്യാപിച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ കൊച്ചി തുറമുഖത്ത് നോക്കുകൂലി പ്രശ്നമുണ്ടായതിനെത്തുടർന്ന് പോർട്ട് ട്രസ്റ്റ് സർക്കാരിന് പരാതി നൽകിയിരിക്കുകയാണ്. ഇതൊക്കെ കാണിക്കുന്നത് ഈ രംഗത്ത് അനാവശ്യമായ പ്രവണതകൾ തുടരുന്നുണ്ട് എന്നുതന്നെയാണ്. നിയമ വിരുദ്ധമായ പ്രഖ്യാപിച്ച ദുഷ്പ്രവണതകളാണ് അനുസ്യൂതം തുടരുന്നത്. ഇത് ജനവികാരത്തോടും നിയമവാഴ്ചയോടുമുള്ള കടുത്ത വെല്ലുവിളി യാണ്. വ്യക്തികൾക്ക് മാത്രമല്ല സ്ഥാപനങ്ങൾക്കും ഇതിന്റെ ദുഷ്ഫലം അനുഭവിക്കേണ്ടിവരുന്നു. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന രീതിയിലേയ്ക്ക് നോക്കുകൂലി സമ്പ്രദായം മാറിക്കഴി ഞ്ഞിരിക്കുന്നു. ഇതിനെതിരെ കർശന നടപടി കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിതന്നെ ചൂണ്ടിക്കാണിക്കുകയുമുണ്ടായി. നീതിപീഠത്തിനുമുമ്പിലേയ്ക്ക് ജനങ്ങളെ വലിച്ചിഴക്കേണ്ട സാഹചര്യം പൂർണ്ണമായും ഒഴിവാക്കണം. കഴിഞ്ഞ കുറെ നാളുകളായി കേരളത്തിന്റെ വികസന രംഗത്തെ ഈ ക്യാൻസർ രോഗം ബാധിച്ചതുമൂലം എല്ലാ നിലയിലുമുള്ള തകർച്ചയിലേയ്ക്ക് നാം പോകുന്ന ഒരവസ്ഥ

വന്നിരിക്കുകയാണ്. ഈ കാടത്വത്തിനെതിരെ നടപടി സ്വീകരിക്കണം. സ്ഥാപിത താൽപ്പര്യങ്ങൾക്കോ സമ്മർദ്ദങ്ങൾക്കോ സർക്കാർ വഴങ്ങരുത്. കേരളത്തെ നോക്കുകൂലി വിമുക്ത സംസ്ഥാനമാക്കി മാറ്റുവാൻ തൊഴിലാളി സമൂഹ ത്തിന്റെയും സർക്കാരിന്റെയും കൂട്ടായ പരിശ്രമം നമുക്ക് അനിവാര്യമാണ്. നോക്കുകൂലിയിലേയ്ക്ക് നോക്കിയിരുന്ന് നാടിന്റെ ഭാവി ഇരുളടഞ്ഞതാകാ തിരിക്കാൻ അടിയന്തിരമായ നടപടികളിലേയ്ക്ക് സർക്കാർ നീങ്ങണമെന്നുള്ള കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നു. നോക്കുകൂലി എന്ന മഹാരോഗം മൂലം നമുക്ക് പുതിയ വ്യവസായം വരാനുള്ള അവസ്ഥയുണ്ടാകാതെ അറച്ച് നിൽക്കുന്ന ഒരു സാഹചര്യമാണ്. ഉണ്ടായിരുന്ന പല വ്യവസായങ്ങളും അടയ്ക്കപ്പെടുന്ന സാഹചര്യമാണ്. സ്വസ്ഥമായ ജീവിതം തൊഴിലാളിക്കും തൊഴിലുടമകൾക്കും നഷ്ടപ്പെടുന്ന സാഹചര്യമാണ്. ഇതിനെതിരെ ഉണർന്ന് ചിന്തിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, മെയ്യനങ്ങാതെയും പണിയെടുക്കാതെയും കാശുവാങ്ങുന്ന ഈ ഒരു സമ്പ്രദായത്തോട് സർക്കാരിന് ഒരു തരത്തിലുമുള്ള യോജിപ്പില്ല. ഈ പ്രവണത കേരളത്തിന് ഗുണകരമല്ലായെന്ന കാഴ്ചപ്പാടിനനുസരിച്ചു തന്നെ ഈ രണ്ട് വർഷക്കാലമായി ഇത് തടയാനായി ഒട്ടനവധി നടപടികൾ കൈക്കൊള്ളുകയുണ്ടായി. നിർഭാഗ്യവശാൽ ഗവൺമെന്റ് ആഗ്രഹിച്ച നിലയിലേയ്ക്ക് ഇത് പൂർണ്ണമായി ഇല്ലാതാക്കാൻ സാധിച്ചിട്ടില്ലായെന്ന് തുറന്ന് സമ്മതിക്കാൻ എനിക്ക് ഒരു മടിയുമില്ല. ഇവിടത്തെ മുഖ്യധാരാ ട്രേഡ് യൂണി

യനുകളെല്ലാം യോജിച്ചുകൊണ്ട് ഈ പ്രവണത നമുക്ക് ഗുണകരമല്ല ഇത് അവസാനിപ്പിക്കണമെന്ന ധാരണയിലെത്തിയിട്ടാണ് ഗവൺമെന്റ് ശക്തമായ നടപടിയുമായി മുന്നോട്ടുപോയത്. അങ്ങനെ മുഖ്യധാരാ ട്രേഡ് യൂണിയനുകളും രാഷ്ട്രീയ പാർട്ടികളും എല്ലാവരും അഭിപ്രായ സമന്വയത്തിലെത്തിയിട്ടുപോലും ഈ പ്രവണത സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ബന്ധുവിന്റെ വീട്ടിൽനിന്നും ഒരു എ.എൽ.ഒ. യുടെ കയ്യിൽ നിന്നും നോക്കുകൂലി വാങ്ങിയതിനോടൊപ്പം തന്നെ കഴിഞ്ഞ ശനിയാഴ്ച ഇതിന്റെ തലപ്പത്തുള്ള അഡീഷണൽ ലേബർ കമ്മീഷണറുടെ വീട്ടിൽ നിന്നും നോക്കുകൂലി ചോദിച്ച ഒരു സംഭവമുണ്ടായി. പക്ഷേ അദ്ദേഹത്തിന് ഈ നിയമം അറിയാവുന്ന ആളായതുകൊണ്ടും ശക്തമായ നിലപാട് എടുത്തതുകൊണ്ടും ഒരു ചെറിയ ഭീഷണി മാത്രം കാട്ടി അവസാനം അവർ പോയ സാഹചര്യമുണ്ടായി. നമ്മൾ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും അത് പൂർണ്ണമായി പ്രയോജനപ്പെടുന്നില്ല എന്നുള്ളതാണ് വസ്തുത. ഇപ്പോൾ നിലവിലുള്ള തൊഴിൽ നിയമമനുസരിച്ച് തൊഴിൽ തർക്കത്തിൽ പോലീസ് ഇടപെട്ടുകൂട എന്നാണ്. എന്നാൽ അവിടെ മറ്റുള്ള നിലയിലേയ്ക്ക് ജീവനും സ്വത്തിനും ഭീഷണി ഉയരുന്ന നിലയിലേയ്ക്കുള്ള പ്രവർത്തനം ആരുടെ ഭാഗത്തുനിന്നുണ്ടായാലും പോലീസിന് ഇടപെടാവുന്ന സാഹചര്യം ഉണ്ട്. അംഗീകൃത രജിസ്ട്രേഷനുള്ള ചുമട്ടുതൊഴിലാളി നോക്കുകൂലി ആവശ്യപ്പെട്ടാൽ അതിനെതിരെ ചുമട്ടുതൊഴിലാളി നിയമമനുസരിച്ച് നടപടി സ്വീകരിക്കാൻ സാധിക്കും. പക്ഷേ മുമ്പ് ഞാൻ പറഞ്ഞിട്ടുള്ളതുപോലെ കേരളത്തിൽ പലയിടങ്ങളിലും അംഗീകാരമുള്ള ചുമട്ടുതൊഴിലാളികളല്ല ഈ ജോലിയിൽ ഏർപ്പെടുന്നത്. വഴിയേ പോകുന്നവർക്കാർക്കും നോക്കുകൂലി ചോദിക്കാം;

ആളുകളെ ഭീഷണിപ്പെടുത്താം; കാശ് വാങ്ങി പോകാം എന്ന നിലയിലേക്ക് കാര്യങ്ങൾ വ്യാപിച്ചിരിക്കുകയാണ്. ശ്രീ. തോമസ് ഉണ്ണിയാടനും പറഞ്ഞത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിൽ നോക്കുകൂലി വിമുക്തമാക്കി എന്നാണ്. പക്ഷേ അങ്ങനെയല്ല, കേരളത്തിലെങ്ങും നോക്കുകൂലി അനുവദിക്കുന്ന പ്രശ്നമില്ല എന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. പക്ഷേ നിർഭാഗ്യവശാൽ നമ്മൾ ചെയ്തത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിൽ ഏകീകരിച്ച കൂലി പ്രഖ്യാപിച്ചിട്ടുണ്ട്. കൊല്ലവും തൃശ്ശൂരും അത് നിലവിൽ വന്നിട്ടുണ്ട്. മലപ്പുറത്തും വേറൊരു ജില്ലയിലും അങ്ങനെ ഏഴ് ജില്ലകളിൽ ഏകീകരിച്ച കൂലി ആയിട്ടുണ്ട്. എല്ലാ പ്രദേശത്തും ഒരേ കൂലി എന്നുള്ള സംവിധാനം അവിടെ ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. അങ്ങനെ ഏകീകരിച്ച കൂലി തിരുവനന്തപുരത്തെ എല്ലാ ട്രേഡ് യൂണിയനുകളും അംഗീകരിച്ചു. ഈ കാര്യത്തിൽ പ്രതിപക്ഷത്ത് ബാക്കി നേതാക്കൻമാരുണ്ടായിരുന്നെങ്കിൽ നമുക്ക് ഗൗരവമേറിയ ഒരു ചർച്ച നടത്താമായിരുന്നു. ഈ പ്രവണത അവസാനിപ്പിക്കാൻ സി.ഐ.റ്റി.യു. എന്ന സംഘടന പൂർണ്ണ പിന്തുണ നൽകിയിട്ടുണ്ടെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. മറ്റ് ട്രേഡ് യൂണിയൻ സംഘടനകളും ആ തീരുമാനം തന്നെ കൈക്കൊണ്ടിട്ടുണ്ട്. പക്ഷെ ടെക്നോപാർക്കിലെ ഒരു സ്ഥാപനത്തിൽനിന്ന് കഴിഞ്ഞ ഒരുവർഷം ഒന്നര കോടി രൂപ നോക്കുകൂലി വാങ്ങിയെന്നാണ് അടുത്ത് പുറത്തുവന്ന വിവരം. അവർ ഇതുവരെ പരാതി പറഞ്ഞിട്ടില്ല. നോക്കുകൂലിയുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പിന് ലഭിച്ചിട്ടുള്ള എല്ലാ പരാതികൾക്കും പരിഹാരം കണ്ടിട്ടുണ്ട്. ഇത്തരം അഭിലഷണീയമല്ലാത്ത ഈ പ്രവണതയിൽ ഏർപ്പെട്ടിട്ടുള്ള വരുടെ കാർഡ് സസ്പെന്റ് ചെയ്തിട്ടുണ്ട്. പോലീസിൽ

കേസ് കൊടുത്തിട്ടുണ്ട്. പക്ഷേ ഇത്രയൊക്കെ സംവിധാനം ഒരുക്കിയിട്ടും ടെക്നോപാർക്കിലെ ഒരു സ്ഥാപനത്തിൽനിന്ന് ഒരു വർഷം ഒന്നര കോടി രൂപ നോക്കുകൂലിയായി കൊടുത്തുവെന്ന് അനൗദ്യോഗികമായി അറിയാൻ സാധിച്ചു. അത് സാധിച്ചിട്ടുണ്ടെങ്കിൽ അവിടെ പൊളിറ്റിക്കൽ പാട്രോണേജ് ഉണ്ടാകുന്നുണ്ടെന്ന് നമുക്ക് സമ്മതിക്കേണ്ടിയിരിക്കുന്നു. അതിവിടെ അവസാനിപ്പിക്കണം. നമ്മൾ ഇതിനെതിരെ പ്രതികരിക്കണമെന്നുപറയുമ്പോൾ ആ പാട്രോണേജ് അവസാനിപ്പിച്ചാൽ മാത്രമേ നോക്കുകൂലി പൂർണ്ണമായി ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ. ഇതിൽ ദീർഘമായിട്ടൊന്നും ഇല്ല. ഇവിടെ പൊതു consensus ഉണ്ടെങ്കിലും അത് പൂർണ്ണതോതിൽ നടപ്പിലാകുന്നില്ല. നിർഭാഗ്യവശാൽ ആലപ്പുഴയും കൊല്ലവുമാണ് ഏറ്റവും പ്രശ്നമുള്ള രണ്ട് ജില്ലകൾ. മറ്റുള്ള പ്രദേശങ്ങളിൽ ഇത് ഇല്ലെന്നല്ല. പക്ഷേ ഇവിടെ ഒരു തരത്തിലും അംഗീകരിക്കാത്ത നിലയിലേക്ക് കാര്യങ്ങൾ പോകുകയാണ്. പൊളിറ്റിക്കൽ ലീഡർഷിപ്പും ട്രേഡ് യൂണിയനുകളും ഇതുമായി സഹകരിക്കുമെന്നുപറയുന്നതല്ലാതെ താഴെ തലത്തിലേയ്ക്ക് ഇത് യാഥാർത്ഥ്യമാക്കുന്ന തരത്തിലുള്ള ഒരു നിലപാട് സ്വീകരിച്ചില്ലെങ്കിൽ നമ്മളൊക്കെ ഇത്തരം വിഷയങ്ങളിൽ പോലീസ് ഇടപെടുന്നതിന് എതിരാണെങ്കിലും ഇത്തരം വിഷയങ്ങളിൽ പോലീസ് ഇടപെടണമെന്ന നിലയിലേക്കായിരിക്കും നാളത്തെ സാഹചര്യം നമ്മെ എത്തിക്കുന്നത്. അതുകൊണ്ട് തന്നെ ഇതിൽ നിയമപരിഷ്ക്കാരം ആഗ്രഹിക്കുന്നുണ്ട്. അംഗീകൃതമായ കാർഡ് ഇല്ലാത്ത ചുമട്ടുതൊഴിലാളിയല്ലാത്തവർ നോക്കുകൂലി ചോദിച്ചാൽ പിടിച്ചുപറിക്ക് കേസ് എടുക്കണം. പോലീസിന് ഇതിനാവശ്യമായ ഡയറക്ഷൻ കൊടുക്കുകയും വേണം. ചുമട്ടുതൊഴിലാളികൾക്ക് അവരുടെ നിയമത്തിനനുസ

രിച്ച് ബോർഡ് നടപടി എടുക്കും. ചുമട്ടുതൊഴിലാളി അല്ലാത്തവരെ സംബന്ധിച്ച് ഇങ്ങനെയൊരു സംവിധാനം ഉണ്ടാകണം. ഇത് നഷ്ടപ്പെട്ട വേതനമാണ്, തൊഴിൽ നഷ്ടത്തിന് പകരമുള്ള വേതനമാണെന്നാണ് ചിലർ പറയുന്നത്. സാധാരണക്കാരന്റെ വീട്ടിൽകയറി നോക്കുകൂലി ചോദിക്കുന്നത് തൊഴിൽ നഷ്ടമല്ല, പിടിച്ചുപറി തന്നെയാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ വീണ്ടും ശക്തിയുക്തം നമ്മളെല്ലാവരും പരിശ്രമിച്ച് ഈയൊരു പ്രവണത കേരളത്തിന് ദോഷമാണെന്ന് കണ്ടുകൊണ്ട് മുന്നോട്ട് നീങ്ങണം. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളി സാധാരണക്കാരന്റെ വീട്ടിൽ കയറി നോക്കുകൂലി ചോദിച്ചാൽ ഓട്ടോമാറ്റിക്കായി ആയാളുടെ കാർഡ് നഷ്ടപ്പെടുന്ന നിലയിലുള്ള ഒരു ഭേദഗതി ഉണ്ടാകും. ചുമട്ടുതൊഴിലാളി അല്ലാത്തവർ നോക്കുകൂലി ചോദിച്ചുകഴിഞ്ഞാൽ പിടിച്ചുപറിക്ക് കേസെടുക്കുന്ന ഒരു സാഹചര്യം ഉണ്ടാക്കാൻ പോകുന്നു. ഇതുവഴി മാത്രമേ ഇത് കേരളത്തിൽ ഇല്ലാതാകുകയുള്ളൂ. എനിക്ക് വളരെ വിനയപുരസ്സരം ഈ സഭയോട് അഭ്യർത്ഥിക്കാനുള്ളത് പൊളിറ്റിക്കൽ പാട്രോണേജ് ഈ കാര്യത്തിൽ ഉണ്ടാകരുതെന്നാണ്. പൊളിറ്റിക്കൽ പാട്രോണേജ് പൂർണ്ണമായി ഇല്ലാതായിക്കഴിഞ്ഞാൽ നോക്കുകൂലി വിമുക്ത സംസ്ഥാനമായി കേരളത്തെ മാറ്റുവാൻ സാധിക്കും.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഹൈക്കോടതി വിധി ഉണ്ടായിട്ടും ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് നിയമം ഉണ്ടായിട്ടും ഇത് തുടരുന്ന ഒരു നിസ്സഹായാവസ്ഥയാണുള്ളത്. ഈ നാണംകെട്ട ഏർപ്പാട് നമ്മുടെ സംസ്ഥാനത്തുനിന്ന് പരിപൂർണ്ണമായും മാറ്റേണ്ടത് അത്യാവശ്യമാണ്. അല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റെ സൽപ്പേരു

പോലും നഷ്ടപ്പെടുന്ന ഒരു സാഹചര്യം ഉണ്ടാകും. നോക്കുകൂലി വീണ്ടും വീണ്ടും ആവർത്തിക്കുന്ന സാഹചര്യത്തിൽ നിയമ പരിഷ്ക്കാരം നടത്തുന്നത് സംബന്ധിച്ച് പൊളിറ്റിക്കൽ ലീഡേഴ്സിന്റെയും ട്രേഡ് യൂണിയൻ നേതാക്കന്മാരുടെയും ഒരു യോഗം വിളിച്ചുകൂട്ടിക്കൊണ്ട് നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. ഷിബു ബേബി ജോൺ: തീർച്ചയായും. പൊളിറ്റിക്കൽ ലീഡേഴ്സിന്റേയും ട്രേഡ് യൂണിയൻ ലീഡേഴ്സിന്റേയും യോഗം രണ്ട് തവണ വിളിച്ചതാണ്. അതിന്റെ ഒരു സബ്കമ്മിറ്റിയുണ്ട്. ഇനിയും അത് വിളിക്കാം. കേരളത്തെ സമ്പൂർണ്ണ നോക്കുകൂലി വിമുക്ത സംസ്ഥാനമായി മാറ്റണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിന് മനുഷ്യസഹജമായി എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യുന്നതാണ്. തൊഴിലാളി വിരുദ്ധ സമീപനമല്ലാതെതന്നെ, തൊഴിലാളികളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് ഇത് യാഥാർത്ഥ്യമാക്കുന്നതാണ്. യഥാർത്ഥ തൊഴിലാളി നോക്കുകൂലി വാങ്ങുന്നതിന് താൽപ്പര്യപ്പെടാറില്ല. അവർ അദ്ധ്വാനിച്ചുതന്നെയാണ് കാശുണ്ടാക്കുന്നത്. അല്ലാത്തവരാണ് ഇത് വാങ്ങുന്നത്. ഇക്കാര്യത്തിൽ നിശ്ചയദാർഢ്യത്തോടുകൂടി ഗവൺമെന്റ് മുന്നോട്ട് പോകും.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരിവഞ്ചൂർ രാധാകൃഷ്ണൻ): ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞതുപോലെ ജോലിക്ക് കൂലി, അതൊരു സിസ്റ്റമാണ്. എന്നാൽ ജോലി ചെയ്യാതെയുള്ള കൂലി, അതൊരു നിയമസമാധാന പ്രശ്നമായി വരികയാണെങ്കിൽ ലേബർ ഡിപ്പാർട്ടുമെന്റിന്റെ ഒപ്പീനിയൻ അനുസരിച്ച് പോലീസ് ആവശ്യമായ സംരക്ഷണം നൽകുന്നതാണ്.

## (2) സഹകരണ സംഘങ്ങൾക്കുള്ള വായ്പാ തടസ്സം

ശ്രീ. കെ. വി. വിജയദാസ്: സർ, ദേശീയ ഗ്രാമീണ കാർഷിക വികസന ബാങ്ക് ഇന്ത്യയിലെ എല്ലാ പ്രാഥമിക സഹകരണ ബാങ്കുകൾക്കും നൽകി വരുന്ന കാർഷിക വായ്പകൾ നബാർഡ് നിർദ്ദേശിച്ച നിബന്ധനകൾ പാലിച്ചി ല്ലെന്ന് കാണിച്ചുകൊണ്ട് നിറുത്തിവച്ചിരിക്കുകയാണ്. അതിന്റെ ഫലമായി കേരളത്തിലെ എല്ലാ പ്രാഥമിക ബാങ്കുകളിൽനിന്നും അനുവദിക്കേണ്ടതായ കാർഷിക വായ്പകൾ ഇപ്പോൾ സ്തംഭനാവസ്ഥയിൽ എത്തി നിൽക്കുകയാണ്. ഗുരുതരമായ ഈ സ്ഥിതിവിശേഷം ചർച്ച ചെയ്യണമെന്നും സർക്കാർ ഇടപെടണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് ഈ വിഷയം ഞാൻ സഭയിൽ അവതരിപ്പിക്കുന്നത്. കേരളത്തിലെ പ്രാഥമിക കാർഷിക സഹക രണ സംഘങ്ങൾ രാജ്യത്തിനുതന്നെ മാതൃകയാണ്. ജനങ്ങളെ ദുരിതത്തി ലേയ്ക്ക് തള്ളിവിടുന്ന നയങ്ങളിൽനിന്ന് രക്ഷിക്കാൻ വലിയ പങ്കാണ് സഹക രണ മേഖല വഹിച്ചുകൊണ്ടിരിക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ഇവിടെ കാർഷിക വായ്പാ മേഖല ജനജീവിതവുമായി ബന്ധപ്പെട്ട് നിൽക്കുകയാണ്. കക്ഷി രാഷ്ട്രീയത്തിന്റെ അതിർവരമ്പുക ളില്ലാത്ത ഒരു മേഖലയാണിത്. പതിനായിരക്കണക്കിന് സഹകാരികളുടെ അക്ഷീണ പ്രയത്നവും അർപ്പണ മനോഭാവവുമാണ് ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് അടിസ്ഥാനമായി നിൽക്കുന്നത്. മുമ്പ് സർക്കാർ ഖജനാവിൽ പണമില്ലാതെ വന്നപ്പോൾ 650 കോടി രൂപ ഒറ്റ ദിവസം കൊണ്ട് സമാഹരിച്ച് ഗവൺമെന്റിനെ ഏൽപ്പിച്ച് മാതൃക കാണിച്ചത് ഈ സഹകരണ മേഖലയുടെ

പ്രത്യേകതയാണ്. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിക്ക് പണം നൽകാൻ മറ്റ് ബാങ്കുകൾ വിമുഖത കാണിച്ചപ്പോൾ സഹകരണ ബാങ്കുകളാണ് മുന്നോട്ട് വന്നത്. ഇവിടെ പലിശ നിശ്ചയിക്കാനുള്ള അധികാരം പലിശ കമ്മിറ്റിക്കാണ്. അതിന്റെ ഭാഗമായി നിക്ഷേപങ്ങൾക്ക് വാണിജ്യ ബാങ്കുകളേക്കാൾ കൂടുതൽ പലിശ നൽകുന്നതിനും അതോടൊപ്പംതന്നെ കൂടുതൽ നിക്ഷേപങ്ങൾ ആകർ ഷിക്കുന്നതിനും സഹകരണ മേഖലയ്ക്ക് സാധിക്കും. മാത്രമല്ല, കൃഷിക്കും മറ്റ് മുൻഗണനാ മേഖലകൾക്കും പലിശ കുറച്ച് നൽകുന്നതിനും നെൽകൃ ഷിക്ക് ഇന്ത്യയ്ക്കാകെ മാതൃകയായിക്കൊണ്ട് പലിശ രഹിത വായ്പ എന്ന സംവിധാനം കൊണ്ടുവരാനും സാധ്യമായത് ഈ സഹകരണ പ്രസ്ഥാന ത്തിന്റെ പ്രത്യേകതയാണ്. പ്രാഥമിക സഹകരണ സംഘങ്ങളുടെ ഇന്ത്യ യിലെ മൊത്തം നിക്ഷേപത്തിന്റെ എൺപത് ശതമാനവും കേരളത്തിന്റെ പ്രാഥമിക മേഖലയിലാണ്. 32,802 കോടി രൂപയിൽ 20,432 കോടി രൂപയും കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങളിലാണ് നിലനിൽക്കുന്നത്. 2012-ൽ പാർലമെന്റിലെ ഇരുസഭകളിലും പാസ്സാക്കിയ നിയമപ്രകാരം ഇവിടെ ബാങ്കിംഗ് നടത്തുന്ന എല്ലാ സ്ഥാപനങ്ങളും തുടർന്ന് നടത്തുന്നതിന് റിസർവ് ബാങ്കിന്റെ ലൈസൻസ് എടുക്കണം. ഭരണഘടന അനുസരിച്ച് സഹകരണ പ്രസ്ഥാനവും അതിന്റെ കാര്യങ്ങളും സംസ്ഥാനങ്ങളാണ് കൈകാര്യം ചെയ്യേണ്ടത്. ഇത്തരത്തിൽ സംസ്ഥാനങ്ങൾ കൈകാര്യം ചെയ്യേണ്ട വിഷയമാണ് പാർലമെന്റ് നേരിട്ട് ഇടപെട്ടുകൊണ്ട് ഏഴാമത്തെ പട്ടികയിൽ 32-ാമത്തെ ഇനത്തിൽപ്പെട്ട സഹകരണത്തിൽ നിയമം നിർമ്മിക്കുന്നതിന് സംസ്ഥാന നിയമസഭകൾക്കുള്ള അവകാശം കവർന്നെടുത്തുകൊണ്ട് കേന്ദ്രം നേരിട്ട് നിയമനിർമ്മാണം നടത്തിയത്. പാർലമെന്റ് പാസ്സാക്കിയ നിയമം

രാഷ്ട്രപതിയുടെ അംഗീകാരത്തിനുമുമ്പ് പകുതിയിൽ കൂടുതൽ നിയമസഭകളുടെയും സമ്മതം വേണമെന്നതാണ് വ്യവസ്ഥ. പക്ഷേ ഇതുപോലും പാലിക്കപ്പെടാതെയാണ് സഹകരണ നിയമം ഒറ്റയടിക്ക് പാസ്സാക്കാനും ചുളുവിൽ ഈ നിയമം ഇന്ത്യയാകെ നടപ്പിലാക്കുന്നതിനായി ഉപയോഗിക്കുന്നതും. രാജ്യത്തെ എല്ലാ ബാങ്കുകളും കോർ ബാങ്കിംഗ് സിസ്റ്റത്തിലേക്ക് മാറണമെന്നാണ് ഇപ്പോൾ പാർലമെന്റ് പാസ്സാക്കിയ നിയമവും അതോടൊപ്പംതന്നെ പ്രകാശ് ബക്ഷി കമ്മീഷന്റെ റിപ്പോർട്ടും പറയുന്നത്. പ്രാഥമിക ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ ഇവയെല്ലാം എ.ടി.എം. കാർഡിലേക്ക് മാറണമെന്നും കിസാൻ ക്രഡിറ്റ് കാർഡ് സംവിധാനം ഇവിടെ നിലവിൽ വരണമെന്നുമാണ് നിഷ്ക്കർഷിക്കുന്നത്. സി.ആർ/എ.ആർ. റേഷ്യോ പ്രകാരം ഇവിടെ ഡിപ്പോസിറ്റുകളുടെ സ്ഥിതി ഉണ്ടാകണം. 2013-ൽ അതിന്റെ റേഷ്യോ നാല് ശതമാനമാകണമെന്നും 2014-ൽ ഏഴ് ശതമാനമാകണമെന്നും 2015-ൽ ഒൻപത് ശതമാനമാകണമെന്നും പറയുകയാണ്. 2012 നവംബർ 15-ാം തീയതി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരമാണ് ഈ റേഷ്യോ നിലവിൽ വരണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ, പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള കേരളത്തിന്റെ നിലപാടെന്താണെന്ന എന്റെ ഒരു ചോദ്യത്തിന് പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിലെ സഹകരണ മേഖലയ്ക്ക് അനുയോജ്യമല്ലെന്ന നിലപാടാണ് സർക്കാരിന്റേതെന്ന് അസന്നിഗ്ദ്ധമായ ഭാഷയിൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി മറുപടി തന്നിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഉറച്ചുനിൽക്കുന്നുണ്ടോ എന്നതാണ് ഇവിടത്തെ

ചോദ്യം. ഇതുസംബന്ധിച്ച് ഔദ്യോഗിക അറിയിപ്പ് നൽകിയിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറയുന്നത്. എന്നാൽ, ഇപ്പോൾ കേരളത്തിലെ ബാങ്കുകളിൽ കാർഷിക വായ്പാ വിതരണം നിറുത്തിവച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് ഇന്നലെ ഹിന്ദു ദിനപത്രത്തിൽ വന്ന റിപ്പോർട്ടുപ്രകാരം കേരള ത്തിലെ കാർഷിക മേഖലയിൽ പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ യുള്ള വായ്പാവിതരണം സ്തംഭനാവസ്ഥയിൽ നിൽക്കുകയാണെന്നാണ്. എന്നാൽ, കാർഷിക മേഖലയിൽ 80,775 കോടി രൂപയുടെ വായ്പ വിതരണം ചെയ്തിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി നിയമസഭ യിൽ വ്യക്തമാക്കിയത്. സഹകരണ മേഖലയിലൂടെ രാജ്യത്തുടനീളം ഒരു ലക്ഷം കോടി രൂപ വിതരണം ചെയ്യുന്ന നബാർഡ് യാതൊരു മുന്നറിയിപ്പുമില്ലാതെ ആ വായ്പകൾ നിറുത്തിവച്ചതിലൂടെ കേരളത്തിലെ സഹകരണ മേഖലയ്ക്ക് കോടികണക്കിന് രൂപയുടെ വായ്പയാണ് നിഷേധിച്ചിരിക്കുന്നത്. വളരെ ഗുരുതരമായിട്ടുള്ള സ്ഥിതിവിശേഷമാണ് ഇതിലൂടെ സംസ്ഥാനത്തുണ്ടായിട്ടുള്ളത്. പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെയും ഡിസ്ട്രിക് കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെയും നിക്ഷേപങ്ങളിൽ ഘടനാപരമായിട്ടുള്ള മാറ്റങ്ങളാണ് നിർദ്ദേശിക്കപ്പെടുന്നത്. മാത്രമല്ല, പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ വായ്പകളെ ഡി.സി.ബി.യുടെ വായ്പകളായി പരിഗണി ക്കണമെന്നും കേരളത്തിലെ പ്രാഥമിക ബാങ്കുകളുടെ വായ്പ വിത രണത്തിനുള്ള അവകാശംപോലും ഇല്ലാതാക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകു ന്നതിലൂടെ ദുരിതമനുഭവിക്കാൻ പോകുന്നത് ഇവിടത്തെ പാവപ്പെട്ട കൃഷി ക്കാരാണ്. മാത്രമല്ല, സഹകരണ ബാങ്കുകളിലൂടെയുള്ള സബ്സിഡി

വിതരണവും തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് വിതരണവും ഇനിമുതൽ ദേശസാത്കൃത ബാങ്കുകളിലൂടെ കൊടുക്കുന്നതിനുള്ള സംവിധാനം നില വിൽ വന്നുകഴിഞ്ഞു. ..... ................ (മൈക്ക് ഓഫ്) ............. കേരളത്തിലെ കർഷകർക്ക് സഹകരണ മേഖലയിലൂടെ നൽകിയിരുന്ന വായ്പാവിതരണം നിർത്തി വയ്ക്കുന്ന നിലയിലേയ്ക്കാണ് സഹകരണ വകുപ്പും കേരളത്തിലെ യു.ഡി.എഫ് ഗവൺമെന്റും മുന്നോട്ടു പോയികൊണ്ടിരിക്കുന്നത്. ......... (മൈക്ക് ഓഫ്).......... പ്രകാശ് ബക്ഷി കമ്മീഷൻ റിപ്പോർട്ടിനെ അനുകൂലിക്കു ന്നില്ലെന്ന് പൊതുയോഗങ്ങളിലും പത്ര പ്രസ്താവനകളിലും പരസ്യമായി പറയുകയും എന്നാൽ, അതേ റിപ്പോർട്ട് പൂർണ്ണമായും അനുകൂലിക്കുന്നതി നുള്ള നിയമനടപടികളാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്............. (മൈക്ക് ഓഫ്)..........

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷിക വായ്പ നൽകുന്നത് നിർത്തലാ ക്കുന്നത് സംബന്ധിച്ച് പത്രമാധ്യമങ്ങളിൽ വാർത്ത വന്നിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാരിനോ സഹകരണ സംഘം രജിസ്ട്രാർക്കോ ഇതുസംബന്ധിച്ച് ഔദ്യോഗികമായി യാതൊരറിയിപ്പും ലഭിച്ചിട്ടില്ല. തൃതല സംവിധാനത്തിൽ പ്രവർത്തിക്കുന്ന സഹകരണ വായ്പാ മേഖലയിലെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുവാൻ റിസർവ് ബാങ്ക് നിയോഗിച്ച പ്രകാശ് ബക്ഷി കമ്മിറ്റി ശുപാർശകൾ റിസർവ് ബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ വായ്പാ മേഖലയിലെ തൃതല സംവിധാനത്തെ ദോഷകരമായി ബാധിക്കുന്ന ശുപാർശകളാണ് ബക്ഷി കമ്മീഷൻ റിപ്പോർട്ട്

ചെയ്തിട്ടുള്ളത്. ആകയാൽ അത് കേരളത്തിലെ സഹകരണ മേഖലയ്ക്ക് അനുയോജ്യമല്ലെന്ന നിലപാടാണ് സർക്കാരിനുള്ളത്. പ്രസ്തുത ശുപാർശ കൾ കേരളത്തിലെ സഹകരണ മേഖലയ്ക്ക് അംഗീകരിക്കാൻ കഴിയാത്തതാണെന്ന് അറിയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാനും കേന്ദ്രധനകാര്യ വകുപ്പുമന്ത്രിക്ക് 12-02-2013-ന് കത്ത് നൽകിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം സഹകരണ സംഘം മുഖേന 2665.47 കോടി രൂപയും 2012-13-ൽ 2841.38 കോടി രൂപയും കാർഷിക വായ്പയായി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന കാർഷിക വായ്പയുടെ 40 ശതമാനം നബാർഡിൽ നിന്നും പുനർ വായ്പയായി ലഭിക്കുന്നുണ്ട്. 2012-13 -സാമ്പത്തിക വർഷം സർക്കാർ ഗ്യാരന്റിയോടെ 928 കോടി രൂപ കാർഷിക വായ്പ നൽകുന്നതിന് പുനർ വായ്പ ലഭിച്ചിട്ടുണ്ട്. ബാക്കിതുക സംസ്ഥാന സഹകരണ ബാങ്കും ജില്ലാസഹകരണ ബാങ്കുകളും അവയുടെ വിഹിതം കൂടി ചേർത്താണ് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വഴി മേൽ പ്രകാരം കാർഷിക വായ്പകൾ നൽകുന്നത്. കേരളത്തിൽ കാർഷിക വായ്പാ വിതരണം കാര്യക്ഷമമാക്കാൻ ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പരമാവധി കാർഷിക വായ്പകൾ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക വായ്പാ വിതരണം നടത്താത്ത സംഘങ്ങളെ കാർഷികേതര വായ്പാ സംഘങ്ങളായി മാറ്റുന്നതിനുള്ള നിർദ്ദേശവും നിലവിലുണ്ട്. ഇതിനുപുറമേ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലുള്ള

സ്വാശ്രയ ഗ്രൂപ്പുകൾ മുഖേന കാർഷിക-കാർഷികാനുബന്ധ ആവശ്യങ്ങൾക്ക് വായ്പകൾ നൽകുന്നുണ്ടെന്ന കാര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. കെ. വി. വിജയദാസ്: ഇവിടെ പ്രാഥമിക ബാങ്കുകളും ഡി.സി.ബി.കളും എല്ലാം ചേർന്നുകൊണ്ട് കോർബാങ്കിംഗ് സിസ്റ്റം അടിയന്തര മായി നടപ്പിലാക്കണമെന്നാണ് കേന്ദ്ര കാർഷിക ഗ്രാമ വികസന ബാങ്ക് നിർദ്ദേശിക്കുന്നത്. ഇത് ഒരിക്കലും കേരളംപോലുള്ള ഒരു സംസ്ഥാനത്ത് നടപ്പിലാക്കാൻ സാധിക്കാത്തതാണ്. പ്രാഥമിക കാർഷിക വികസന ബാങ്കുകളിലൂടെ കൃഷിക്കാർക്ക് വായ്പ ലഭിക്കില്ല എന്നാണ് ഇതിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നത്. അത്തരമൊരു സ്ഥിതിവിശേഷത്തെ എതിർക്കാൻ ബഹുമാനപ്പെട്ട കേരള ഗവൺമെന്റ് തയ്യാറാകുമോ; ബാങ്കുകളുടെ ഘടനാപരമായ പരിഷ്കാരങ്ങളെ എതിർക്കുമോയെന്നാണ് ചോദിക്കുന്നത്.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് എ.ടി.എം. സംവിധാനത്തിലൂടെ കാർഷിക വായ്പ കൊടുക്കണം എന്നൊരു നിർദ്ദേശം പൊതുമേഖലാ ബാങ്കുകൾക്കും ഷെഡ്യൂൾഡ് ബാങ്കുകൾക്കും കേന്ദ്ര കൃഷിമന്ത്രാലയം നൽകിയിരിക്കുകയാണ്. എന്നാൽ, സഹകരണമേഖ ലയ്ക്ക് അങ്ങനെയൊരു നിർദ്ദേശം നൽകിയിട്ടില്ല. കേരളത്തിലെ സഹകരണ മേഖലയ്ക്ക് ദോഷകരമായി ഭവിക്കുന്ന ഒരു വ്യവസ്ഥയാണ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലുള്ളത്. അതു സംബന്ധിച്ച് ഗവൺമെന്റിന്റെ നയം വ്യക്തമാക്കി യിട്ടുണ്ട്. തീർച്ചയായും കേരളത്തിലെ സഹകരണമേഖലയ്ക്ക് ബുദ്ധിമുട്ടു ണ്ടാക്കുന്ന കാർഷിക രംഗത്ത് ലോൺ കൊടുക്കാത്ത സാഹചര്യം വരുന്ന സന്ദർഭങ്ങളിലൊക്കെ എല്ലാവർക്കും കൂട്ടായി ആലോചിച്ചുകൊണ്ട് അതിനുള്ള നടപടികളെടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. തീർച്ചയായും

സഹകരണ മേഖലയുടെ അന്തസ്സ് നിലനിർത്തിക്കൊണ്ടുതന്നെ മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

(സബ്മിഷൻസ്)